(ജി)&(എച്ച്)ഇക്കാര്യത്തിൽ നഗരസഭകൾ അവയുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പ്രവർത്തനം നടത്തുന്നുണ്ട്.

വാടക നിയന്ത്രണ നിയമം

68 (3156)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക നിയന്ത്രണ നിയമത്തിലെ ഏതെല്ലാം വകുപ്പുകളാണ് കേരള ഹൈക്കോടതി റദ്ദ് ചെയ്തത്;

(ബി) ഇതിന്റെ ഫലമായി ചെറുകിട വ്യാപാരികൾ ഒഴിപ്പിക്കൽ ഭീഷണിയെ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നിയമ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) 1958-ൽ നിലവിൽവന്ന വാടക നിയന്ത്രണ നിയമം എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ഇ) ബാക്കി പഞ്ചായത്തുകളിൽ ഇതു നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്)എന്നത്തേക്ക് ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സെക്ഷൻ 5,6,8

(ബി)-(ഡി)വിശദവിവരങ്ങൾ ഭവന നിർമ്മാണ വകുപ്പിൽ നിന്നും റവന്യൂ കമ്മിഷണറേറ്റിൽ നിന്നും ശേഖരിച്ചു വരുന്നു.

(ഇ)&(എഫ്)ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്കാണ് പ്രസ്തുത നിയമം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിംഗിനായി ഫയലുകൾ നൽകുന്നില്ല എന്ന പരാതി

69 (3157)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിംഗിനായി ഫയലുകളും മറ്റ് ആവശ്യമായ രേഖകളും നൽകുന്നില്ലായെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റോ അക്കൗണ്ടന്റ് ജനറലോ സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയാണ് പരാതി നൽകിയത്;

(സി) ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രേഖകൾ നൽകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഡിപ്പാർട്ടുമെന്റിൽ നിന്നും യഥാസമയം കണക്കുകളും രേഖകളും ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, വികസന അതോറിറ്റികൾ എന്നിവർക്കെതിരെയാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.

(സി) ആഡിറ്റിംഗിനായി ഫയലുകൾ യഥാസമയം നൽകണമെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇതിന് ഉദ്ദേശമില്ല.

രണ്ടാം വാർഷിക പദ്ധതിയിൽ കുറവ് വന്ന തുക നൽകുന്നതിന് നടപടി

70 (3158)ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. മൊയീൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാം വാർഷിക പദ്ധതിയിൽ 31.3.99-ന് 75%-ൽ കുറവ് വന്ന സംഖ്യ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഓണറേറിയം യാത്രബത്തയിനത്തിൽ എന്തു കുടിശ്ശികയുണ്ട്;

(സി) എങ്കിൽ അത് കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നുമാണ് ജനപ്രതിനിധികൾക്ക് ഓണറേറിയവും യാത്രാബത്തയും നൽകുന്നത്. സ്വന്തം ഫണ്ടുള്ള തദ്ദേശ സ്ഥാപനങ്ങൾ അടുത്തമാസങ്ങളിൽതന്നെ അവ നൽകുന്നു. ഫണ്ടില്ലാത്ത പഞ്ചായത്തുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകുന്നു. കുടിശ്ശിക കണക്കാക്കിയിട്ടില്ല.

(സി) പഞ്ചായത്തുകളുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക നൽകുന്നതാണ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ

71 (3159)ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :

LIBRARY ARCHIVES Kerala Legislative Assembly